Rediffusion/Edelman

| Published Date: | 22 Sep 2017 | Publication: | Veekshanam |
|---|---|---|---|
| Edition: | Kochi | Page No: | 6 |

# ടി.സി.എസ് 'വിസ് 2017' കൊച്ചി എഡിഷൻ ഒക്ടോബർ പത്തിന്

കൊച്ചി: സ്കൂളുകൾക്കായുള്ള ഇന്ത്യയിലെ ഏറ്റവും വലിയ ടെക് ക്വിസ് ആയ ടി.സി.എസ് ഐ.ടി 'വിസ് 2017' ന്റെ കൊച്ചി എഡിഷൻ ഒക്ടോബർ പത്തിന് കൊച്ചിയിലെ കലൂർ ഗോകുലം പാർക്ക് ഹോട്ടൽ ആന്റ് കൺവെൻഷൻ സെന്ററിൽ നടക്കും. മുൻനിര ഐ.ടി. സേവന കൺസൾട്ടിംഗ് സ്ഥാപനമായ ടാറ്റാ കൺസൾട്ടൻസി സർവ്വീസസാണ് ക്വിസ് സംഘടിപ്പിക്കുന്നത്.

എട്ടു മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഇതിൽ പങ്കെടുക്കാം. ഓരോ സ്കൂളിനും രണ്ടു പേർ വീതമുള്ള എട്ടു ടീമുകളെ വീതം അയക്കാം. പ്രവേശന ഫീസ് ഉണ്ടാകില്ല. അഹമ്മദാബാദ്, ബെംഗലൂരു, ഭുവനേശ്വർ, ചെന്നൈ, ഡെൽഹി, ഹൈദരാബാദ്. ഇൻഡോർ, കൊച്ചി. കോൽക്കത്ത, മുംബൈ. നാഗ്പൂർ. പൂനെ എന്നീ 12 കേന്ദ്രങ്ങളിലാണ് ടി.സി.എസ് ഐ.ടി 'വിസ് 2017' നടത്തുക.